കേരളകൗമുദി
13 ഒക്ടോബർ 2017 വെള്ളി
തിരുവനന്തപുരം

മുക്കോലയ്ക്കൽ ശാഖ

തിരുവനന്തപുരം: എസ്.എൻ.ഡി.പി യോഗം മുക്കോലയ്ക്കൽ ശാഖയുടെ വാർഷിക പൊതുയോഗവും തിരഞ്ഞെടുപ്പും ഞായറാഴ്ച നടക്കും. രാവിലെ 10.30ന് കാർത്തികേയൻ നഗറിൽ (സെന്റ് തോമസ് പ്രധാന ഗേറ്റിന് സമീപം) നടക്കുന്ന യോഗം യൂണിയൻ കൺവീനർ അനീഷ് ദേവൻ ഉദ്ഘാടനം ചെയ്യും. യൂണിയൻ ചെയർമാൻ ഉപേന്ദ്രൻ കോൺട്രാക്ടർ അദ്ധ്യക്ഷത വഹിക്കും.

ശാഖാ കൺവീനർ രവീന്ദ്രൻ റിപ്പോർട്ട് അവതരിപ്പിക്കും. യൂണിയൻ വനിതാസംഘം കോ - ഓർഡിനേറ്റർ സോമസുന്ദരം മുഖ്യപ്രഭാഷണം നടത്തും. സതികുമാരി, ആശാരാജേഷ്, രാജീവ്, അരുൺകുമാർ, സുനിൽ കുമാർ, ലത അജയൻ, ഇന്ദു സിദ്ധാർത്ഥ്, സുജി, സന്തോഷ് എന്നിവർ സംസാരിക്കും. ബിജു സി സ്വാഗതവും നീതു സുബാഷ് നന്ദിയും പറയും.

ശാസ്തമംഗലം ശാഖ

തിരുവനന്തപുരം : എസ്.എൻ.ഡി.പി യോഗം ശാസ്തമംഗലം ശാഖയിലെ ഗുരുദേവൻ വനിതാസ്വയം സഹായ സംഘം രൂപീകരണ യോഗം ശാഖാസെക്രട്ടറി സത്യശീലന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. യൂണിയൻ ചെയർമാൻ ഉപേന്ദ്രൻ കോൺട്രാക്ടർ ഉദ്ഘാടനം ചെയ്തു. യൂണിയൻ കൺവീനർ അനീഷ് ദേവൻ മുഖ്യപ്രഭാഷണം നടത്തി. മൈക്രോ കോർഡിനേറ്റർ പേരൂർക്കട സോമസുന്ദരൻ മൈക്രോ ഫൈനാൻസിനെക്കുറിച്ച് ക്ലാസെടുത്തു. യൂണിയൻ വനിതാ സംഘം പ്രസിഡന്റ് സതികുമാരി, സെക്രട്ടറി ആശാരാജേഷ്, നീതു സുഭാഷ്, സുധാരാജഗോപാലൻ, കമ്മറ്റിഅംഗം ശശിധരൻ എന്നിവർ ആശംസാപ്രസംഗം നടത്തി. ശാഖാപ്രസിഡന്റ് ചന്ദ്രൻകുട്ടി നന്ദി പറഞ്ഞു. ഗുരുദേവൻ വനിതാ സ്വയം സഹായ സംഘത്തിന്റെ കൺവീനറായി മിനപ്രഭാകരനേയും ജോയിന്റ് കൺവീനറായി കെ. മിനിയെയും തിരഞ്ഞെടുത്തു.

ശ്യാമളാമന്ദിരം ദിവാകരൻ അനുസ്മരണം

തിരുവനന്തപുരം : സാഹിത്യ പ്രവർത്തകനും എഴുത്തുകാരനും ശ്രീനാരായണ ധർമ്മപ്രചാരകനുമായിരുന്ന ശ്യാമളാമന്ദിരം ദിവാകരന്റെ രണ്ടാം ചരമവാർഷികം ശ്യാമളാ മന്ദിരം ദിവാകരൻ ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ പേട്ട-പള്ളിമുക്ക് കണ്ണമ്മൂലറോഡിലെ ശ്യാമളാ മന്ദിരത്തിൽ ആചരിച്ചു. ശ്യാമള ദിവാകരന്റെ അദ്ധ്യക്ഷതയിൽ എസ്. സുവർണകുമാർ ഉദ്ഘാടനം ചെയ്തു. ശ്യാമളാ മന്ദിരം ദിവാകരന്റെ ലേഖന സമാഹാരം പുസ്തക രൂപത്തിലാക്കി പ്രസിദ്ധീകരിക്കുവാനും യോഗം തീരുമാനിച്ചു. ജനറൽ സെക്രട്ടറി സുകേഷ് ബാബു, എൻ. പ്രിയദർശനൻ, കെ.പി. സുധാകർജി, പി.ജി. ശിവബാബു എന്നിവർ പങ്കെടുത്തു.

യോഗീശ്വര തമ്പുരാൻ ക്ഷേത്രം

കോവളം: തിരുവല്ലം ഇടയാർ വടക്കേ നാഗയക്ഷി യോഗീശ്വര തമ്പുരാൻ ക്ഷേത്രത്തിലെ നാഗരൂട്ടം വിശേഷാൽ പൂജയും നാളെ രാവിലെ 10 ന് ക്ഷേത്ര ജോതിഷാചാര്യൻ ഉദയകുമാരൻ പോറ്റിയുടെ മുഖ്യകാർമ്മികത്വത്തിൽ നടക്കുമെന്ന് ക്ഷേത്രഭാരവാഹികൾ അറിയിച്ചു.

മേലൂട്ട്കാവ് ദേവി ക്ഷേത്രം

തിരുവനന്തപുരം: പേട്ട എസ്. എൻ നഗർ മേലൂട്ട്കാവ് ദേവിക്ഷേത്രത്തിൽ 14ന് രാവിലെ 10ന് അഷ്ടനാഗ പൂജ, നാഗർ ഊട്ട്, നൂറും പാലും അഭിഷേകം, തളിച്ചുകൊട എന്നിവ നടക്കുമെന്ന് ക്ഷേത്ര സെക്രട്ടറി എസ്. ശ്രീകണ്ഠൻ അറിയിച്ചു.

ധനസഹായം നൽകി

തിരുവനന്തപുരം: നിർമ്മാണജോലിക്കിടെ മരണപ്പെട്ട ഇതര സംസ്ഥാനത്തൊഴിലാളികൾക്കുള്ള ധനസഹായം വിതരണം ചെയ്തു. പശ്ചിമബംഗാൾ സ്വദേശികളായ എൻദാദുൾഅലിയുടെയും ഷേക്കിന്റെയും കുടുംബാംഗങ്ങൾക്കാണ് ധനസഹായം നൽകിയത്. കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിപ്രകാരം കേരള നിർമാണ തൊഴിലാളി ക്ഷേമ ബോർഡാണ് തുക അനുവദിച്ചത്. എല്ലാ കുടിയേറ്റ തൊഴിലാളികളേയും കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗങ്ങളാക്കി രജിസ്റ്റർ ചെയ്യാനും ചെയർമാൻ കെ.വിജോസിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ബോർഡ് തീരുമാനിച്ചു.

സ്വീകരണം നൽകി

തിരുവനന്തപുരം: കേരള സർവകലാശാലയിൽ ബിരുദാനന്തര ബിരുദത്തിന് പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് ഡിപ്പാർട്ട്മെന്റ്സ് യൂണിയൻ സ്വീകരണം നൽകി. ഗൗരി ലങ്കേഷ് നഗറിൽ (ഗോൾഡൻ ജൂബിലി ആഡിറ്റോറിയം, കാര്യവട്ടം) നടന്ന പരിപാടി മന്ത്രി കടകംപള്ളി സുരേന്ദ്രൻ ഉദ്ഘാടനം ചെയ്തു. ചലച്ചിത്രതാരം ശങ്കർ രാമകൃഷ്ണൻ മുഖ്യാതിഥിയായിരുന്നു. സർവകലാശാല മലയാളവിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. എം.എ. സിദ്ദീഖ് മുഖ്യപ്രഭാഷണം നടത്തി. യൂണിയൻ ചെയർമാൻ ഘോഷ്.കെ.എസ് അദ്ധ്യക്ഷനായിരുന്നു. സ്വാതിരാമൻ സ്വാഗതവും അഥീഷ് നന്ദിയും പറഞ്ഞു.

ധർണ നടത്തി

തിരുവനന്തപുരം: കേരള ഇലക്ട്രിസിറ്റി വർക്കേഴ്സ് ഫെഡറേഷൻ (എ.ഐ.ടി.യു.സി) തിരുവനന്തപുരം ഡിവിഷൻ കമ്മിറ്റിയുടെ നേതൃത്വത്തിൽ കെ.എസ്.ഇ.ബി പവർ ഹൗസ് ഓഫീസിന് മുന്നിൽ ധർണ നടത്തി. വൈദ്യുതി ബോർഡ് മാനേജ്മെന്റിന്റെ തൊഴിലാളി വിരുദ്ധ നടപടികൾ അവസാനിപ്പിക്കുക, പൊതു സ്ഥലംമാറ്റത്തിലെ അപാകതകൾ പരിഹരിക്കുക, ഒഴിവുകൾ നികത്തുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചായിരുന്നു ധർണ. ഫെഡറേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി എം.പി. ഗോപകുമാർ ഉദ്ഘാടനം ചെയ്തു. കേന്ദ്ര പ്രവർത്തക സമിതി അംഗം എസ്.വി. ബിജു, ഡിവിഷൻ പ്രസിഡന്റ് ജെ.എസ്. ദീപു, സെക്രട്ടറി ഡി. വിജയകുമാരൻ സംസ്ഥാന കൗൺസിൽ അംഗം എം. ശിവകുമാർ എന്നിവർ പ്രസംഗിച്ചു.

സംസ്ഥാന ലൈബ്രറി കൗൺസിൽ നടത്തിയ വനിതാ വായന മത്സരത്തിൽ തിരുവനന്തപുരം താലൂക്കിൽ ഒന്നാംസ്ഥാനം നേടിയ ഗീത ഗോകുലേശൻ നായർ. പള്ളിച്ചൽ സംഗീതിൽ ഗോകുലേശൻ നായരുടെ ഭാര്യയും പെരിങ്ങമ്മല എസ്.എൻ.വി ഗ്രന്ഥശാല അംഗവുമാണ്

അന്താരാഷ്ട്ര ബാലികാ ദിനാചരണം

തിരുവനന്തപുരം : ''പെൺകുട്ടികളുടെ ശാക്തീകരണം : അടിയന്തരശ്രദ്ധയും ഫലവത്തായ ആസൂത്രണവും'' എന്ന മുദ്രാവാക്യവുമായി ചൈൽഡ് ലൈൻ തിരുവനന്തപുരം ഈ വർഷത്തെ അന്താരാഷ്ട്ര ബാലികാദിനം പള്ളിത്തുറ സ്കൂളിൽ വച്ച് ആചരിച്ചു. പള്ളിത്തുറ സ്കൂളിലെ ഹൈസ്കൂൾ വിദ്യാർത്ഥി ഫാത്തിമ അദ്ധ്യക്ഷത വഹിച്ചു. തിരുവനന്തപുരം ബാല ക്ഷേമസമിതി ചെയർമാൻ ഫാ. ജോയി ജെയിംസ് ഉദ്ഘാടനം ചെയ്തു. ചൈൽഡ് ലൈൻ ഡയറക്ടർ ഫാദർ ലെനിൻ ഫെർണാണ്ടസ്, ചൈൽഡ് ലൈൻ കോർഡിനേറ്റേഴ്സ് ജോബി, കിരൺ, ഇമാനുവൽ എന്നിവർ സംസാരിച്ചു.

പള്ളിത്തുറ സ്കൂളിൽ നടന്ന അന്താരാഷ്ട്ര ബാലികാദിനാചരണം

ഇനി കൂടുതൽ പച്ചക്കറി സംഭരിക്കാം

കൂൾ ചേംബർ തയ്യാറാവുന്നു

ആർ.കെ.രമേഷ്



നിർമ്മാണം പുരോഗമിക്കുന്ന കൂൾ ചേംബർ

പേരൂർക്കട: കുടപ്പനക്കുന്ന് കൃഷി ഭവനിലെ ഇക്കോ ഷോപ്പിൽ പച്ചക്കറി സംഭരിക്കുന്നതിനായി രണ്ട് കൂൾ ചേംബറുകളുടെ നിർമ്മാണം പുരോഗമിക്കുന്നു.

പച്ചക്കറികൾ കേടാകാതെ സൂക്ഷിക്കുന്നതിനുള്ള സംവിധാനമാണ് കൂൾ ചേംബർ. സമീപ പ്രദേശങ്ങളിലെ കർഷകർ ഉത്പാദനം വർദ്ധിപ്പിച്ചതാണ് കൂൾ ചേംബർ നിർമ്മിക്കുന്നതിന് കാരണം. കൃഷി ഭവനിൽ രജിസ്റ്റർ ചെയ്തവരിൽ നിന്നാണ് പച്ചക്കറികൾ സംഭരിക്കുന്നത്. മൊത്ത വിപണിയിലെ വിലയെക്കാൾ 10 ശതമാനം അധികം നൽകിയാണ് സംഭരണം. ഇക്കോഷോപ്പിന സമീപത്തായുള്ള ഓലമേഞ്ഞ കെട്ടിടത്തിലാണ് കൂൾ ചേംബർ നിർമ്മിക്കുന്നത്. നിർമ്മാണ ചെലവ് 15,000 രൂപയാണ്. ഇത് ഉടനടി പ്രവർത്തന സജ്ജമാകുമെന്ന് കൃഷി ഓഫീസർ മിനി അറിയിച്ചു.

■ കൂൾ ചേംബർ

പച്ചക്കറി അഴുകാതെ സൂക്ഷിക്കാനുള്ള സംവിധാനമാണിത്. പ്രാദേശിക സാങ്കേതിക വിദ്യ പ്രാവർത്തികമാക്കിയാണ് ഇതിന്റെ നിർമ്മാണം. അന്തരീക്ഷ ഊഷ്മാവിൽ നിന്ന് 15 മുതൽ 20 ഡിഗ്രി വരെ കുറഞ്ഞ താപനിലയിൽ പ്രവർത്തിക്കുന്ന സംവിധാനം, ഇഷ്ടികയും ചെളിയും ഉപയോഗിച്ച് രണ്ട് അറകളായാണ് നിർമ്മിക്കുന്നത്. അറയൊന്നിൽ മണ്ണും മുളയുടെ ചീളുകളും ഉപയോഗിച്ച് നിറയ്ക്കും. താപനില നിറുത്താനായി മണ്ണ് നനച്ചുകൊടുക്കും. കൂടാതെ ഓല കൊണ്ട് മുകൾ ഭാഗം മൂടും. രണ്ടാമത്തെ അറയിൽ പച്ചക്കറി സംഭരിക്കും.

ലോക കാഴ്ച ദിനാചരണം

തിരുവനന്തപുരം: ദേശീയാരോഗ്യദൗത്യവും ജില്ലാ അന്ധതാനിയന്ത്രണ സൊസൈറ്റിയും തിരുവനന്തപുരം ജനറൽ ആശുപത്രിയും സംയുക്തമായി സംഘടിപ്പിച്ച ലോക കാഴ്ചദിനാചരണത്തിന്റെ ജില്ലാതല ഉദ്ഘാടനം ഗവൺമെന്റ് സ്കൂൾ ഒഫ് നേഴ്സിംഗ് ഓഡിറ്റോറിയത്തിൽ തിരുവനന്തപുരം ജില്ലാമെഡിക്കൽ ഓഫീസർ (ആരോഗ്യം) ഡോ. ജോസ് ജി. ഡിക്രൂസ് നിർവഹിച്ചു.

ജില്ലാ ഒഫ്‌ത്താൽമിക് സർജൻ ഡോ. മായാദേവി അദ്ധ്യക്ഷത വഹിച്ചു. രാവിലെ 9.30ന് പാളയം ആശാൻ സ്ക്വയറിൽ നിന്നും ആരംഭിച്ച ബോധവത്കരണ റാലി ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. സരിത ആർ.എൽ. ഫ്ലാഗ് ഓഫ് ചെയ്തു.

ദേശീയാരോഗ്യ ദൗത്യം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. സ്വപ്നകുമാരി.ജെ, ദേശീയ അന്ധതാ നിയന്ത്രണ പരിപാടിയുടെ സ്റ്റേറ്റ് പ്രോഗ്രാം ഓഫീസർ ഡോ. എസ്. കൃഷ്ണകുമാർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

ബാങ്കിൽ അടയ്ക്കാൻ കൊണ്ടുപോയ 12ലക്ഷം കവർന്ന കേസിൽ അന്വേഷണം തമിഴ്നാട്ടിലേക്ക്

തിരുവനന്തപുരം: നഗരത്തിലെ പ്രമുഖ ജ്വലറിയിൽ നിന്ന് ബാങ്കിൽ അടയ്ക്കാൻ കൊണ്ടുപോയ 12 ലക്ഷം രൂപ കവർന്ന സംഭവത്തിൽ പൊലീസ് അന്വേഷണം തമിഴ്നാട്ടിലേക്ക് വ്യാപിപ്പിച്ചു.

ബുധനാഴ്ച രാവിലെ പത്തരയോടെ ആയുർവേദ കോളജ് ജംഗ്ഷനു സമീപമുള്ള ജ്വലറിയുടെ മുന്നിലായിരുന്നു കവർച്ച നടന്നത്. തലേദിവസം ലഭിച്ച കളക്ഷൻ തുക ബാങ്കിൽ നിക്ഷേപിക്കാൻ കൊണ്ടുപോകുന്നതിനിടെ ജ്വലറിയുടെ മുന്നിലുള്ള കാറിൽ പണമടങ്ങിയ സ്യൂട്ട്കേസ് വച്ച ശേഷം ജീവനക്കാരൻ പെട്രോൾ തുകയ്ക്കായി വീണ്ടും ഷോറൂമിനുള്ളിലേക്കു കയറിയ സമയത്തായിരുന്നു മോഷണം. സി.സി.ടി.വി കാമറകളിൽ മൂന്നുപേരുടെ അവ്യക്തമായ ദൃശ്യങ്ങളുണ്ട്. ബാഗെടുത്ത് കടന്നുകളഞ്ഞ ഒരാളെ ജ്വലറി ജീവനക്കാരൻ കണ്ടിട്ടുണ്ട്. തമിഴ്സംഘമാണ് കവർച്ചയ്ക്ക് പിന്നിലെന്ന് കണ്ടെത്തിയതിനെത്തുടർന്ന് വഞ്ചിയൂർ എസ്.ഐ സാഗറിന്റെ നേതൃത്വത്തിലുള്ള സംഘം ഇന്നലെ തമിഴ്നാട്ടിലേക്ക് പോയി. തലസ്ഥാനത്ത് സ്ഥിരം മോഷണം നടത്തുന്ന തമിഴ്സംഘമാണ് കവർച്ചയ്ക്ക് പിന്നിലെന്നാണ് പൊലീസിന്റെ നിഗമനം. നഗരത്തിലെ വ്യാപാര സ്ഥാപനങ്ങളിലേതടക്കം കൂടുതൽ സി.സി.ടി.വി കാമറകൾ പൊലീസ് പരിശോധിച്ചിട്ടുണ്ട്.

ട്രെയിനിലെ സ്ത്രീസുരക്ഷ: ആൾ സെയിന്റ്സ് കോളേജിൽ ബോധവത്കരണ പരിപാടി

തിരുവനന്തപുരം: ആൾ സെയിന്റ്സ് കോളേജിൽ സുരക്ഷിത ട്രെയിൻ യാത്രയെ കുറിച്ച് ശില്പശാല നടന്നു.

സ്ത്രീകൾക്ക് ട്രെയിനിൽ നേരിടാനിടയുള്ള അപകടങ്ങൾ, അതിനെതിരായ മുൻകരുതൽ, ടോൾ ഫ്രീ നമ്പരായ 182 ഉപയോഗിക്കുന്നതിന്റെ പ്രാധാന്യം, അതിന്റെ തുടർ നടപടികൾ എന്നിവയാണ് വിദ്യാർത്ഥിനികളെ ബോധവത്കരിച്ചത്. റെയിൽവേ സുരക്ഷാ സേനയും തിരുവനന്തപുരം റെയിൽവേ ഡിവിഷനും ചേർന്നാണ് പരിപാടി നടത്തിയത്. 'ഡയൽ 182' എന്ന ഹ്രസ്വചിത്ര പ്രദർശനവും ഉണ്ടായിരുന്നു. വിദ്യാർത്ഥിനികളും രക്ഷിതാക്കളും ഉൾപ്പെടെ രണ്ടായിരത്തോളം പേർ പരിപാടിയിൽ പങ്കെടുത്തു.

റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സും ഡിവിഷണൽ റെയിൽവേയും ചേർന്ന് ആൾ സെയിന്റ്സ് കോളേജിൽ നടത്തിയ ബോധവത്കരണ പരിപാടി

കോടികൾ തട്ടിയെടുത്ത കോളേജ് മുൻ പ്രിൻസിപ്പൽ അറസ്റ്റിൽ

തിരുവനന്തപുരം: ഫ്ലാറ്റ്, ഓൺലൈൻ ബിസിനസുകൾക്കായി പലരിൽ നിന്നായി കോടികൾ തട്ടിയെടുത്ത പാങ്ങോട് മന്നാനിയ ആർട്സ് ആൻഡ് സയൻസ് കോളേജ് മുൻ പ്രിൻസിപ്പൽ ഡോ. ആസിഫിനെ തിരുവനന്തപുരം റൂറൽ ജില്ലാ ക്രൈംബ്രാഞ്ച് അറസ്റ്റ് ചെയ്തു.

പുലിപ്പാറ സ്വദേശി ജാൻസാബീവിയിൽ നിന്ന് ഓൺലൈൻ ബിസിനസിനായി 13.75 ലക്ഷവും ഫ്ലാറ്റ് നൽകാമെന്ന് വാഗ്ദാനം ചെയ്ത് പാങ്ങോട് സ്വദേശി സിദ്ധിഖിൽ നിന്ന് 1.80 കോടിയും തട്ടിയത് കണ്ടെത്തിയതായി ക്രൈംബ്രാഞ്ച് അറിയിച്ചു. കോളേജിൽ നിന്ന് സസ്പെൻഷനിലായ ശേഷം ഒളിവിലായിരുന്ന ആസിഫിനെ തിരുവനന്തപുരത്തു നിന്ന് പിടികൂടുകയായിരുന്നുവെന്ന് ക്രൈംബ്രാഞ്ച് ഡിവൈ.എസ്.പി ഡി. അശോകൻ പറഞ്ഞു. ജാൻസാബീവിയുടെ പരാതിയുടെ അടിസ്ഥാനത്തിലാണ് ആസിഫിനെ കോളേജിൽ നിന്ന് സസ്പെൻഡ് ചെയ്തത്. ആസിഫിനെ പുറത്താക്കണമെന്ന് വിദ്യാർത്ഥികളടക്കം പ്രക്ഷോഭം നടത്തിയിരുന്നു.

പേരൂർക്കടയിലെ വീട്ടുപൂട്ടി ആസിഫ് സ്ഥലംവിട്ടതായാണ് പൊലീസ് കണ്ടെത്തിയത്. നെടുമങ്ങാട് ചുള്ളിമാനൂരിലെ കുടുംബവീട്ടിലും ആസിഫിനെ കണ്ടെത്താൻ അന്വേഷണം നടത്തിയിരുന്നു. വെഞ്ഞാറമൂട് പൊലീസ് അന്വേഷിച്ച കേസ് പിന്നീട് ജില്ലാ ക്രൈംബ്രാഞ്ച് ഏറ്റെടുക്കുകയായിരുന്നു. ആസിഫിനെ റിമാന്റ് ചെയ്തതായി ഡിവൈ.എസ്.പി അറിയിച്ചു.

വട്ടിയൂർക്കാവ് പോളിയിൽ സംഘർഷം: വിദ്യാർത്ഥികൾക്ക് പരിക്ക്

പേരൂർക്കട: വട്ടിയൂർക്കാവ് സെൻട്രൽ പോളിടെക്നിക് കോളേജിൽ ഇരുവിഭാഗം വിദ്യാർത്ഥികൾ തമ്മിലുണ്ടായ സംഘർഷത്തിൽ രണ്ട് വിദ്യാർത്ഥികൾക്ക് പരിക്കേറ്റു. കഴിഞ്ഞ ദിവസം പോളിടെക്നിക്ക് ലാബിന് സമീപമാണ് അടിനടന്നത്. കാരണം വ്യക്തമല്ല. പൊലീസെത്തി സ്ഥിതിഗതികൾ നിയന്ത്രിച്ചു. ആർക്കെതിരെയും കേസെടുത്തിട്ടില്ല. വിദ്യാർത്ഥികളും രക്ഷിതാക്കളും തമ്മിൽ നടത്തിയ ചർച്ചയിൽ പ്രശ്നങ്ങൾ ഒത്തുതീർപ്പാവുകയായിരുന്നു.

സൂര്യ ഫെസ്റ്റിവലിൽ ബാലാദേവി ചന്ദ്രശേഖർ അവതരിപ്പിച്ച നൃത്തനാടകം

നിർമ്മൽ ചിട്ടി തട്ടിപ്പ്; നിക്ഷേപകർക്കെതിരെയുള്ള പൊലീസ് നടപടി പിൻവലിക്കണമെന്ന് നാട്ടുകാർ

പാറശാല: നിർമ്മൽ ചിട്ടിതട്ടിപ്പിനെതിരെ സമരം ചെയ്ത നിക്ഷേപകർക്കെതിരെ തമിഴ്നാട് പൊലീസ് രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകൾ പിൻവലിക്കണമെന്ന് നാട്ടുകാർ ആവശ്യപ്പെട്ടു. സർക്കാർ അംഗീകരിച്ചിട്ടുള്ളതും രജിസ്ട്രേഷൻ നൽകിയിട്ടുള്ളതുമായ സ്ഥാപനത്തിലാണ് നാട്ടുകാർ പണം നിക്ഷേപിച്ചത്. നിക്ഷേപകരുടെ കൈയിൽ നിന്ന് വാങ്ങിയ പണം മറ്റ് ബിസിനസുകളിലേക്കും ബിനാമി ഇടപാടുകളിലേക്കും മാറ്റിയതാണ് കമ്പനി തകരാൻ കാരണം. നിക്ഷേപകരുടെ പണം തിരികെ കിട്ടണമെന്ന ആവശ്യവുമായി സമരം ചെയ്തവരെയും ആക്ഷൻ കൗൺസിൽ അംഗങ്ങളെയും കേസിൽ കുടുക്കരുതെന്ന് നാട്ടുകാർ ആവശ്യപ്പെട്ടു. കമ്പനിക്കെതിരെ സമരം ചെയ്ത ആക്ഷൻ കൗൺസിൽ ഭാരവാഹികളായ 11 പേരുൾപ്പെടെ കണ്ടാലറിയാവുന്ന 60 പേർക്കെതിരെയാണ് കേസ്. സംഭവത്തിൽ തമിഴ്നാട് സർക്കാരിന്റെ നടപടിക്കെതിരെ കേരള സർക്കാർ ഇടപെടണമെന്നും നാട്ടുകാർ ആവശ്യപ്പെട്ടു.

ശ്രീപദ്മനാഭ സ്വാമി ക്ഷേത്രത്തിലെ അല്പശി ഉത്സവത്തിന്റെ കൊടിയേറ്റത്തിനുള്ള കൊടിക്കയർ പൂജപ്പുര ജയിൽ ജോയിന്റ് സൂപ്രണ്ട് ബാബുരാജിൽ നിന്ന ക്ഷേത്രം മാനേജർ ബി. ശ്രീകുമാർ ഏറ്റുവാങ്ങുന്ന

ശ്രീപദ്മനാഭ സ്വാമി ക്ഷേത്രത്തിൽ അല്പശി ഉത്സവം

തിരുവനന്തപുരം: ശ്രീപദ്മനാഭ സ്വാമി ക്ഷേത്രത്തിലെ അല്പശി ഉത്സവത്തിന് 19ന് രാവിലെ 9നും 9.30നും ഇടയിൽ ക്ഷേത്ര തന്ത്രി തരണനെല്ലൂർ സതീശൻ നമ്പൂതിരിപ്പാടിന്റെ കാർമ്മികത്വത്തിൽ കൊടിയേറും. 27ന് പള്ളിവേട്ടയും 28ന് ആറാട്ടും നടക്കും. കൊടിയേറ്റത്തിനുള്ള കൊടിക്കയർ പൂജപ്പുര സെൻട്രൽ ജയിലിൽ ജോയിന്റ് സൂപ്രണ്ട് ബാബുരാജിൽ നിന്ന ക്ഷേത്രം മാനേജർ ബി. ശ്രീകുമാർ ഏറ്റുവാങ്ങി.

മൃഗശാലയിലെ പെൺസിംഹം ചത്തു

തിരുവനന്തപുരം: മൃഗശാലയിലെ ഐശ്വര്യ എന്ന് പേരുള്ള പെൺസിംഹം ചത്തു. 17 വയസുള്ള പെൺസിംഹം ഇന്നലെ രാവിലെ 9.30ന് ആണ് ചത്തത്. വാർദ്ധക്യ രോഗങ്ങൾ കാരണം ഒരു മാസമായി മൃഗശാലാ ആശുപത്രിയിൽ ചികിത്സയിലായിരുന്നു.

മൃഗശാലയിൽ ഇനി രണ്ട് സിംഹങ്ങൾ മാത്രമാണുള്ളത്. 2008ൽ വണ്ടലൂർ മൃഗശാലയിൽ നിന്നാണ് ഐശ്വര്യയെ തിരുവനന്തപുരത്തെത്തിച്ചത്. പാലോട് ചീഫ് ഇൻവെസ്റ്റിഗേഷൻ ഓഫീസിൽ നിന്ന് ഡോക്ടർമാരടെ സംഘമെത്തി പോസ്റ്റ്മോർട്ടം നടത്തി.

ഡോ. സദാനന്ദൻ, ഡോ. നന്ദകുമാർ, ഡോ. ടി.പി. ആശ എന്നിവരടങ്ങുന്ന സംഘമാണ് പോസ്റ്റ്മോർട്ടം നടത്തിയത്. രണ്ട് മണിയോടെ മൃഗശാല വളപ്പിൽ ജഡം സംസ്കരിച്ചു. ഹൈദരാബാദിൽ നിന്ന് ഏഷ്യൻ സിംഹങ്ങളെ മൃഗശാലയിലെത്തിക്കാനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്.

കേന്ദ്ര മൃഗശാല അതോറിട്ടിയുടെ അനുമതി ലഭിച്ചാൽ ഇവ തലസ്ഥാനത്ത് എത്തും. തുടർന്ന് ഇവിടെയുള്ള രണ്ട് സിംഹങ്ങളെ തൃശൂർ മൃഗശാലയിലേക്ക് മാറ്റുമെന്ന് അധികൃതർ അറിയിച്ചു.

കേരള സംസ്ഥാന വ്യാപാരി വ്യവസായി സമിതി
തിരുവനന്തപുരം ജില്ലാ കമ്മിറ്റി
ജി.എസ്.റ്റി ഓഫീസ് മാർച്ച്
2017 ഒക്ടോബർ - 12

വില വർദ്ധനയവിനെതിരെ കേരള സംസ്ഥാന വ്യാപാരി വ്യവസായി സമിതി ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ നടത്തിയ ജി.എസ്.ടി ഓഫീസ് മാർച്ച്

ക്ഷേത്രമുറ്റത്തെ മൊബൈൽ ടവർ നിർമ്മാണത്തിനെതിരെ ജനകീയ പ്രക്ഷോഭം

മൊബൈൽ ടവർ നിർമ്മാണം നടക്കുന്ന ശ്രീകാര്യം കുഞ്ചുവീട്ടിൽ ക്ഷേത്ര പറമ്പ്

പോത്തൻകോട്: ക്ഷേത്ര മുറ്റത്ത് സ്വകാര്യ കമ്പനി സ്ഥാപിക്കുന്ന മൊബൈൽ ടവറിനെതിരെ ഭക്തജനങ്ങളും നാട്ടുകാരും പ്രക്ഷോഭവുമായി രംഗത്തെത്തി.

ശ്രീകാര്യം വാർഡിലെ ചെമ്പകരാമൻപിള്ള നഗറിലെ കുഞ്ചുവീട്ടിൽ ക്ഷേത്ര വളപ്പിലാണ് സ്വകാര്യ കമ്പനിയുടെ നേതൃത്വത്തിൽ ടവർ സ്ഥാപിക്കുന്നത്. പ്രദേശത്തെ 500 ഓളം കുടുംബങ്ങൾ തിങ്ങിപ്പാർക്കുന്ന ഇവിടെ ടവർ നിർമ്മാണത്തിന് അനുവാദം നൽകരുതെന്ന് കാട്ടി സി.ആർ.പി. നഗർ റസിഡന്റ്സ് അസോസിയേഷൻ ഭാരവാഹികൾ ജില്ലാ കളക്ടർക്കും നഗരസഭാ മേയർക്കും പരാതി നൽകിയിരുന്നു. ക്ഷേത്രത്തിന്റെ ഉടമസ്ഥതയിലുള്ള ഉത്സവപ്പറമ്പിലെ സ്റ്റേജിന് സമീപത്താണ് ടവർ നിർമ്മിക്കാനായി സ്ഥലം കണ്ടെത്തിയത്. കഴിഞ്ഞ ദിവസം ടവർ നിർമ്മാണത്തിനായെത്തിയ സ്വകാര്യ മൊബൈൽ കമ്പനി ജീവനക്കാരെ നാട്ടുകാർ സംഘടിച്ചെത്തി തടഞ്ഞിരുന്നു. തുടർന്ന് ശ്രീകാര്യം പൊലീസെത്തി നിർമ്മാണം ഭാഗികമായി തടഞ്ഞു. ക്ഷേത്ര ഭരണസമിതിയിലെ ചില അംഗങ്ങളെയും ബന്ധപ്പെട്ട നഗരസഭാ ഉദ്യോഗസ്ഥരെയും തെറ്റിദ്ധരിപ്പിച്ചാണ് ടവർ നിർമ്മാണത്തിനായുള്ള പ്രാരംഭ അനുമതി കമ്പനി നേടിയത് എന്നാണ് റസിഡന്റ്സ് അസോസിയേഷൻ ഭാരവാഹികൾ ആരോപിക്കുന്നത്.

ഭക്തജനങ്ങളുടെയും നാട്ടുകാരുടെയും എതിർപ്പ് കണക്കിലെടുത്ത് ക്ഷേത്രവളപ്പിൽ ടവർ നിർമ്മിക്കാൻ അനുമതി നൽകിയ തീരുമാനം പുനഃപരിശോധിക്കാൻ ക്ഷേത്രഭരണസമിതി തയ്യാറാകണമെന്ന് ആക്ഷൻ കൗൺസിൽ ഭാരവാഹികളായ എൻ. രഘുവരൻ, ശ്രീകല, ജോർജ് ജോസഫ്, ബേബി ഇമ്മാനുവൽ, എം. മോഹനൻ നായർ, എസ്.ആർ. ഹരി തുടങ്ങിയവർ ആവശ്യപ്പെട്ടു.

വികലാംഗ സദനത്തിന് തയ്യൽമെഷീൻ

തിരുവനന്തപുരം: റോട്ടറി ക്ലബിന് കീഴിലുള്ള ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ വനിതാ വികലാംഗ സദനത്തിന് തയ്യൽമെഷീനുകൾ നൽകി. ഇന്നലെ സദനത്തിൽ നടന്ന ചടങ്ങിൽ മേയർ വി.കെ. പ്രശാന്ത് മുഖ്യാതിഥിയായിരുന്നു. കൗൺസിലർ വിജയലക്ഷ്മി, സാമൂഹ്യ നീതി വകുപ്പ് ജില്ലാ ഓഫീസർ എൽ. രാജൻ, സൂപ്രണ്ട് കെ.വി. ബിന്ദു, കരമന ജയൻ, റോട്ടറി ഭാരവാഹികളായ മോഹൻകുമാർ, ഗോപീകൃഷ്ണ, അനിൽകുമാർ, സിനിമാതാരം സോണിയ മൽഹാർ, എം. ഷംനാദ്, എസ്. ബാദുഷ, പനച്ചമൂട് ഷാജഹാൻ, അജിത് തുടങ്ങിയവർ പങ്കെടുത്തു.

റോട്ടറി ക്ലബിന് കീഴിലുള്ള ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ വനിതാ വികലാംഗ സദനത്തിനുള്ള തയ്യൽമെഷീനുകൾ മേയർ വി.കെ. പ്രശാന്ത് കൈമാറുന്നു